ആലക്കോട് എസ്.ഐ സുനിൽകുമാർ ഉൾപ്പെടെയുള്ള ഫുട്ബോൾ താരങ്ങൾ സി.ഐ ഇ.പി. സുരേശനും സഹപ്രവർത്തകർക്കുമൊപ്പം

ഫുട്ബോളിലെ മിന്നും താരനിരയായി ആലക്കോട് പോലീസ് സ്റ്റേഷൻ

ആലക്കോട്: കുറ്റാന്വേഷണത്തിൽ മാത്രമല്ല മികച്ചൊരു ഫുട്ബോൾ താരനിര കൂടിയായി മികവ് തെളിയിക്കുകയാണ് ആലക്കോട് പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ. കേരളാ പോലീസിലെ സംസ്ഥാന താരങ്ങൾ മുതൽ ജില്ലാ താരങ്ങൾ വരെ അണിനിരക്കുന്ന ടീമായി മാറാൻ കഴിയുന്ന താരനിരയാണ് ആലക്കോട് പോലീസ് സ്റ്റേഷനിലുള്ളത്. മികവ് തെളിയിച്ച ഫുട്ബോൾ താരങ്ങളാണ് ഇവിടെയുള്ള പോലീസ് ഉദ്യോഗസ്ഥരിൽ ഏറെയും. എസ്.ഐ മുതൽ ആറോളം പോലീസുകാരാണ് ശ്രദ്ധേയരായ ഫുട്ബോൾ താരങ്ങൾ. എസ്.ഐ കണ്ണൂർ തോട്ടട സ്വദേശി ടി. സുനിൽകുമാർ ജില്ലാ പോലീസ് താരമായിരുന്നു. സീനിയർ സിവിൽ പോലീസ് ഓഫീസറായ തളിപ്പറമ്പ് സ്വദേശി ഷാജി ദീർഘകാലം സംസ്ഥാന താരമായിരുന്നു. പരിയാരം സ്വദേശി ഷൈജു നിലവിൽ കേരളാ പോലീസിന്റെ സ്റ്റേറ്റ് ടീമിൽ അംഗമാണ്. നിരവധി ടൂർണ്ണമെന്റുകളിലെ മിന്നും പ്രകടനത്തിന് ഉടമയാണ് ആലക്കോട് സിവിൽ പോലീസ് ഓഫീസറായ ഷൈജു. പരിയാരം സ്വദേശികൾ തന്നെയായ ജോസ്‌ലിൻ, ബൈജു എന്നിവരും ആലക്കോട് പോലീസ് സ്റ്റേഷനിൽ നിന്നുള്ള ജില്ലാ താരങ്ങളാണ്. ഗോളടിക്കുന്നതിൽ വിദഗ്ധനാണ് ജോസ്‌ലിൻ. മികച്ച ഗോൾ കീപ്പറാണ് ബൈജു. നടുവിൽ സ്വദേശി അഷ്റഫും പോലീസിലെ മിന്നും താരങ്ങളിലൊരാളാണ്. ലോകകപ്പ് ഫുട്ബോളുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം അരങ്ങം ക്ഷേത്ര മൈതാനിയിൽ ആലക്കോട് പോലീസും ആലക്കോട് ജേസീസും തമ്മിൽ നടന്ന സൗഹൃദ ഫുട്ബോൾ മത്സരത്തിൽ പോലീസിന്റെ ജേഴ്സി അണിഞ്ഞ് ഇറങ്ങിയ തോടെയാണ് കാക്കിക്കുള്ളിലെ കായിക താരങ്ങൾ ശ്രദ്ധേയമായത്. ആലക്കോട്ടെ പോലീസുകാരായ സുരേഷ്കുമാർ, പ്രശാന്ത്, ബിനിൽ, കോളിൻ ഫിലിപ്പ് എന്നിവരും കളത്തിലിറങ്ങി. മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് പോലീസ് ടീം ജേസീസ് ടീമിനെ പരാജയപ്പെടുത്തുകയും ചെയ്തു.

ഒന്നാം റാങ്കുകാരിയെ അവഗണിച്ച് എം.എൽ.എയുടെ ഭാര്യക്ക് നിയമനം നൽകിയ യൂണിവേഴ്സിറ്റി നടപടി തിരുത്തണമെന്ന്

കണ്ണൂർ: യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസിലെ എം.എഡ് ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ യൂണിവേഴ്സിറ്റിയുടെ ചട്ടങ്ങളും നിയമങ്ങളും കാറ്റിൽ പറത്തി നിയമനം നടത്തിയത് ഗുരുതരമായ തെറ്റാണെന്നും നിയമനത്തിന് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ഒന്നാം റാങ്കു നേടിയ ഉദ്യോഗാർത്ഥിക്ക് നിയമനം നല്കാതെ രണ്ടാം റാങ്ക് നേടിയ ഉദ്യോഗാർത്ഥിക്ക് നിയമനം നല്കിയ നടപടി ഏത് മാനദണ്ഡപ്രകാരമാണെന്ന് യൂണിവേഴ്സിറ്റി വ്യക്തമാക്കണമെന്നും ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി പ്രസ്താവനയിൽ പറഞ്ഞു.

നിയമനത്തിന് അപേക്ഷ സ്വീകരിക്കുമ്പോൾ സംവരണ തസ്തിക യിലാണെന്ന് പറയാതെ നൂറ് കണക്കിന് ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ നല്കാനുള്ള അവസരം പോലും നിഷേധിച്ച് വഞ്ചിക്കുന്ന സമീപനമാണ് യൂണിവേഴ്സിറ്റി നടത്തിയിട്ടുള്ളത്. നിയമങ്ങൾ ലംഘിച്ച് നിയമനം നല്കിയത് ഭരണകക്ഷി എം.എൽ.എയുടെ ഭാര്യക്കാണ് എന്നുള്ളതും വലിയ ഗൗരവതരമായ കാര്യമാണ്. നിയമസംവിധാനങ്ങളെ കാറ്റിൽ പറത്തി ഭരണകൂട സ്വാധീനത്താൽ യൂണിവേഴ്സിറ്റി നടത്തിയ നിയമനം റദ്ദാക്കണമെന്നും അർഹതപ്പെട്ട ഉദ്യോഗാർത്ഥിക്ക് യോഗ്യതാ പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ വ്യക്തിക്ക് തന്നെ നിയമനം നല്കാൻ നടപടി സ്വീകരിക്കണമെന്നും ഡി.സി.സി.പ്രസിഡണ്ട് സതീശൻ പാച്ചേനി പറഞ്ഞു.

എസ്.എസ്.എഫ് തളിപ്പറമ്പ സെക്ടർ സാഹിത്യോത്സവ്: മന്ന ജേതാക്കൾ

തളിപ്പറമ്പ: എസ്.എസ്.എഫ് തളിപ്പറമ്പ സെക്ടർ സാഹിത്യോത്സവിൽ മന്ന യൂണിറ്റ് ജേതാക്കളായി. സലാമത്ത് നഗർ, കാക്കാഞ്ചാൽ യൂണിറ്റുകൾ യഥാക്രമം രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി. സെക്ടർ പ്രസിഡന്റ് മുഹമ്മദ് കുഞ്ഞിയുടെ അധ്യക്ഷതയിൽ തളിപ്പറമ്പ പ്രസ്ഫോറം പ്രസിഡന്റ് എം. കെ.മനോഹരൻ ഉദ്ഘാടനം ചെയ്തു. സമീർ കായക്കൂൽ സമ്മാനദാനം നിർവഹിച്ചു. തളിപ്പറമ്പ ഡിവിഷൻ പ്രസിഡന്റ് അനസ് അമാനി, യൂനുസ് അമാനി, ലത്വീഫ് കാര്യമ്പലം, കെ.അശ്റഫ്, മൻസൂർ അൻസാരി, ഒ.സി. അശ്കർ, ജെ.ആർ. ജബ്ബാർ ഹാജി സംബന്ധിച്ചു. കെ. അബ്ബുറഷീദ് സ്വാഗതവും ജെആർ.മിദ്‌ലാജ് നന്ദിയും പറഞ്ഞു.

എസ്.എസ്.എഫ് തളിപ്പറമ്പ സെക്ടർ സാഹിത്യോത്സവ് പ്രസ്ഫോറം പ്രസിഡന്റ് എം.കെ.മനോഹരൻ ഉദ്ഘാടനം ചെയ്യുന്നു

ലക്കിഡ്രോ മൽസരത്തിൽ വിജയിയായ സുധാകരന് ഷാലിമാർ ടെക്സ് എം.ഡി. ഒ.എം. നിസാർ സ്കൂട്ടർ സമ്മാനിക്കുന്നു.

ഷാലിമാർ ലക്കിഡ്രോ; സമ്മാനങ്ങൾ വിതരണം ചെയ്തു

തളിപ്പറമ്പ: ഷാലിമാർ ടെക്സ് വിഷു വിന്റെയും റംസാന്റെയും ഭാഗമായി നടത്തിയ ലക്കി ഡ്രോ മൽസരത്തിൽ ഒന്നാം സമ്മാനമായ ഹീറോ മസ്ട്രോ സ്കൂട്ടർ പടപ്പേങ്ങാട് സ്വദേശിയായ സുധാകരന് ലഭിച്ചു. രണ്ടാം സമ്മാനമായ ഒരു പവൻ സ്വർണ്ണം പരിയാരത്തെ മുഹമ്മദ് ഹാഷീറിനും മൂന്നാം സമ്മാനമായ സൈക്കിൾ കോറൻപീടികയിലെ ആഷിക്കിനും ലഭിച്ചു. ഷാലിമാർ ടെക്സ് എം.ഡി. ഒ.എം. നിസാർ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

നേഴ്സ് ലിനിയുടെ ഭർത്താവ് സജീഷ് ധർമ്മശാല വൈസ്മെൻസ് ക്ലബ് ഭാരവാഹികളിൽ നിന്ന് ഉപഹാരം ഏറ്റുവാങ്ങുന്നു.

ലിനി അനുസ്മരണം സംഘടിപ്പിച്ചു

തളിപ്പറമ്പ്: നിപ വൈറസ് ബാധയേറ്റ് മരണമടഞ്ഞ നഴ്സ് ലിനി സജീഷിന് ധർമ്മശാല വൈസ് മെൻസ് ക്ലബ്ബിന്റെ ആദരം. ധർമ്മശാല വൈസ് മെൻസ് ക്ലബ്ബ് ഭാരവാഹികളുടെ സ്ഥാനാരോഹണത്തോടനുബന്ധിച്ചാണ് അനുസ്മരണ ചടങ്ങ് സംഘടിപ്പിച്ചത്. ലിനിയുടെ ഭർത്താവ് സജീഷും കുടുംബാംഗങ്ങളും പങ്കെടുത്തു. പ്രസിഡണ്ട് ദിനേഷ്ആലിങ്കൽ അദ്ധ്യക്ഷത വഹിച്ചു. വൈസ് മെൻ ഇന്റർനാഷണലിന്റെ മുൻ ഇന്റർനാഷണൽ കൗൺസിൽ മെമ്പർ ആന്റോ കെ.ആന്റണി ഉദ്ഘാടനം ചെയ്തു. വർഷങ്ങളായി പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യമായിരുന്ന ഡോ: പി.വിജയനെയും ചടങ്ങിൽ ആദരിച്ചു. പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണ കർമ്മം വെസ്റ്റ് ഇന്ത്യാ റീജിയണൽ ഡയരക്ടർ ടി.കെ രമേഷ്കുമാർ നിർവ്വഹിച്ചു. ഭാരവാഹികളായി സജനു പണിക്കർ (പ്രസിഡണ്ട്), ടി.കെ. ഷിജി (സെക്രട്ടറി) എ. സോമൻ (ട്രഷറർ), വൈസ്മെന്റ്സ് ക്ലബ്ബിന്റെ ഭാരവാഹികളായി ടി. കമലാക്ഷി (പ്രസിഡണ്ട്), ദീപ മോഹൻ (സെക്രട്ടറി), പ്രവീണകുമാരി (ട്രഷറർ) എന്നിവരും സ്ഥാനമേറ്റു.

ഹാൻസ് ഓഫ് റിലീഫ് പ്രവർത്തകർ കൃത്തുപറമ്പ് സ്നേഹനികേതൻ അന്തേവാസികൾക്കൊപ്പം

ഹാൻസ് ഓഫ് റിലീഫ് സ്നേഹനികേതനിൽ അന്നദാനം നടത്തി

തളിപ്പറമ്പ: നവ മാധ്യമ കൂട്ടായ്മയായ ഹാൻസ് ഓഫ് റിലീഫിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ അന്നദാനം നടത്തി. കൃത്തുപറമ്പ സ്നേഹനികേതനിലാണ് ഇത്തവണ അന്നദാനം നടത്തിയത്. ആശ്രയമറ്റ 50 ഓളം അന്തേവാസികളാണ് ഇവിടെ കഴിയുന്നത്. ഹാൻസ് ഓഫ് റിലീഫിന്റെ പ്രവർത്തകർ അന്നദാനത്തിന് പുറമെ ഓരോ മാസവും മാരകരോഗം ബാധിച്ച് ദുരിതമനുഭവിക്കുന്നവർക്ക് സഹായധനവും നൽകുന്നുണ്ട്. കേരളത്തിലും പുറത്തുമുള്ളവർ ഉൾപ്പെട്ടവരാണ് ഈ ജീവകാരുണ്യ പ്രസ്ഥാനത്തിലുള്ളത്. സംഘടനയുടെ പുണ്യപ്രവൃത്തിയിൽ ആകർഷകരായി നിരവധി പേരാണ് പുതിയതായി അംഗങ്ങളാകുന്നത്.

മഴ ക്യാമ്പ് നടത്തി

കണ്ണൂർ: വൈ.എച്ച്.എ.ഐ (യൂത്ത് ഹോസ്റ്റൽസ് അസോസിയേഷൻ ഓഫ് ഇന്ത്യ)യുടെ കണ്ണൂർ ജില്ലാ ചാപ്റ്റർ ആറളം വന്യജീവി സങ്കേതത്തിൽ മഴ ക്യാമ്പ് നടത്തി.

ഫാക്കൽറ്റി സുശാന്ത് ക്ലാസുകൾ കൈകാര്യം തെയ്തു. വൈ.എച്ച്.എ.ഐ നാഷണൽ കൗൺസിലംഗം ജാഫർ, ജില്ലാ സെക്രട്ടറി അഡ്വ. വസന്തകുമാർ, ജില്ലാ കോർഡിനേറ്റർ ഷാഫി പാപ്പിനിശേരി നേതൃത്വം നൽകി.

കൺവെൻഷനും അനുമോദനവും

ശ്രീകണ്ഠപുരം: നിർമ്മാണ തൊഴിലാളി യൂണിയൻ കാവുമ്പായി യൂണിറ്റ് കൺവെൻഷനും, അനുമോദനവും ഡിവിഷൻ പ്രസിഡന്റ് ഇ.പ്രേമ ഉദ്ഘാടനം ചെയ്തു. കെ കെ അനിത അധ്യക്ഷയായി. കെ മണികണ്ഠൻ സ്വാഗതം പറഞ്ഞു.

പുസ്തക പ്രദർശനം നടത്തി

പയ്യാവൂർ: വായനപക്ഷാചരണത്തിന്റെ ഭാഗമായി പയ്യാവൂർ ഗവ. യു.പി സ്കൂൾ വിദ്യാർത്ഥികൾ പയ്യാവൂർ ബസ്സ്റ്റാന്റിൽ പുസ്തക പ്രദർശനം നടത്തി. പയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഡെയ്സി ചിറ്റുപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. പഞ്ചായത്തംഗം പി.കെ.ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപകൻ ടോമി കുരുവിള, എൻ.പി.ബേബി, ആർ.വി.പവിത്രൻ, കെ.രാഘവൻ, എം.ബിന്ദു, എം.പി.സിറിയക്ക്, പി.ഉഷാകുമാരി പ്രസംഗിച്ചു.

വാർഷികം ആഘോഷിച്ചു

പയ്യാവൂർ: പൈസക്കരി ഫിനിക്സ് സ്വാശ്രയ സംഘം വാർഷികം ആഘോഷിച്ചു. ദേവമാതാ ഹൈസ്കൂളിൽ നിന്നും എസ്.എസ്.എൽ.സി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ആദിത്ത് ഫിലിപ്പ് പറമ്പുകാട്ടിൽ, അഖിൽ ജോയി വണ്ടാക്കുന്നേൽ എന്നിവരെ ആദരിച്ചു. തോമസ് വാഴപ്പള്ളി അധ്യക്ഷത വഹിച്ചു. നോബിൾസ് ചെരിപുറം, ബേബി വണ്ടാക്കുന്നേൽ, സിനു ചക്കാനിക്കുന്നേൽ, ബിനോയി തറപ്പേൽ, ബിനു മണ്ഡപത്തിൽ, ജോമസ് കുന്നേൽ പ്രസംഗിച്ചു.

പൊതുവഴിയിൽ നിക്ഷേപിച്ച മാലിന്യം

പൊതുവഴി സാമൂഹ്യവിരുദ്ധർ കയ്യടക്കി; അനക്കമില്ലാതെ അധികൃതർ

തളിപ്പറമ്പ: സാമൂഹ്യ വിരുദ്ധരുടെ താവളമായി പൊതുവഴി . തളിപ്പറമ്പ ഹൈവേയിലെ കെ.ആർ കോംപ്ലക്സിന് പിൻവശത്തെ ഇടുങ്ങിയ വഴിയാണ് സാമൂഹ്യവിരുദ്ധർ കയ്യടക്കിയിരിക്കുന്നത്. ഇവിടെ മാലിന്യങ്ങളും മദ്യകുപ്പികളും നിറഞ്ഞത് യാത്രക്കാർക്കും വ്യാപാരികൾക്കും ഒരുപോലെ തലവേദനയാണ്. മദ്യകുപ്പികൾ തകർന്ന് വഴിനീളെ ചില്ല് കഷണങ്ങളും നിരന്ന് കിടക്കുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങളുടക്കം ഇവിടെ കൂട്ടിയിട്ട് കത്തിക്കുന്നത് സ്ഥിരം കാഴ്ചയാണ്. ഈ വഴിയിലൂടെ പുക്കോത്ത്തെരുവിലേക്ക് റോഡുള്ളതിനാൽ നിരന്തരം ആളുകൾ കടന്നുപോകുന്ന വഴിയാണിത്. പ്ലാസ്റ്റിക്ക് കത്തിക്കുമ്പോഴുള്ള പുക ശ്വസിച്ചും മാലിന്യങ്ങളിൽ ചവിട്ടിയും വേണം ഇതിലൂടെ യാത്ര ചെയ്യാൻ. നേരം ഇരുട്ടുന്നതോടെ മദ്യപരുടെ ശല്യവും ഇവിടെ രൂക്ഷമാണ്. മദ്യകുപ്പികൾ വഴിയിൽ തന്നെ നിക്ഷേപിച്ചാണ് ഇവർ പോകാറ്. ചില സമയങ്ങളിൽ മലമൂത്ര വിസർജനവും ഇവിടെ തന്നെ നടത്തും. കഴിഞ്ഞ ദിവസം ചത്ത പൂച്ചയെ ചിലർ ഇവിടെ കൊണ്ടിട്ടിരുന്നുവെന്ന് സമീപത്തെ വ്യാപാരികൾ പറയുന്നു. നിരവധി പരാതികൾ നൽകിയിരുന്നുവെങ്കിലും അധികൃതർ ആരും ഇങ്ങോട്ട് തിരിഞ്ഞു നോക്കിയിട്ടില്ല.

അനുമോദനവും കൃഷി അവബോധക്ലാസും

കോൾമൊട്ട: കണ്ണപ്പിലാവ് യങ് ചാലഞ്ചേഴ്സ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്കുള്ള അനുമോദനവും കൃഷി അവബോധ ക്ലാസും സംഘടിപ്പിച്ചു. കെ.എം. സരോജിനി അമ്മ കൃഷ് അവാർഡ് വിതരണം ചെയ്തു. ക്ലബ് പ്രസിഡണ്ട് കെ.വി. രാജേഷ് അധ്യക്ഷത വഹിച്ചു. കേന്ദ്ര ജൈവ കർഷക അവാർഡ് ജേതാവ് കെ.ബി.ആർ. കണ്ണൻ കൃഷി അവബോധന ക്ലാസെടുത്തു. പി. പി. അജീർ സ്വാഗതവും ടി. വിനോദ് നന്ദിയും പറഞ്ഞു.

കണ്ണപ്പിലാവ് യങ് ചാലഞ്ചേഴ്സ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബിന്റെ ഉന്നത വിജയികൾക്കുള്ള ഉപഹാരം കെ.എം. സരോജിനി വിതരണം ചെയ്യുന്നു

മണക്കടവ് ശ്രീകണ്ഠപുരം ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ മെറിറ്റ് ഡേ ആഘോഷം കെ.സി.ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

പുരസ്കാര സമർപ്പണവും അനുസ്മരണവും 13ന്

പയ്യന്നൂർ: കെ.പി.നൂറുദ്ദീൻ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തിയ മികച്ച പൊതുപ്രവർത്തകനുള്ള പുരസ്കാര സമർപ്പണവും അനുസ്മരണവും 13ന് വൈകുന്നേരം 5 മണിക്ക് എ.കെ.കൃഷ്ണൻ മാസ്റ്റർ ഓഡിറ്റോറിയത്തിൽ നടക്കും. മുൻ മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനവും പുരസ്കാര വിതരണവും നടത്തും. ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി നൂറുദ്ദീൻ അനുസ്മരണ പ്രഭാഷണവും പ്രൊഫ. ബി.മുഹമ്മദ് അഹമ്മദ് പുരസ്കാര ജേതാവായ രാമകൃഷ്ണനെ പരിചയപ്പെടുത്തുകയും ചെയ്യും. ട്രസ്റ്റ് ചെയർമാൻ ടി.നാരായണൻ നായർ അധ്യക്ഷത വഹിക്കും. കെ.പി.സി.സി ജന. സെക്രട്ടറി കെ.പി.കുഞ്ഞിക്കണ്ണൻ, എക്സിക്യൂട്ടീവ് അംഗങ്ങളായ എം.നാരായണൻകുട്ടി, എം.പി.മുരളി, എം.പി.ഉണ്ണികൃഷ്ണൻ സംസാരിക്കും. എം.പ്രദീപ്കുമാർ സ്വാഗതവും ഇ.പി.ബാലകൃഷ്ണൻ നന്ദിയും പറയും.

ലോകകപ്പ് ക്വിസ് 15ന്

ഏഴിലോട്: എ.കെ.ജി സ്മാരക വായനശാല ആന്റ് ഗ്രന്ഥാലയത്തിന്റെ ആഭിമുഖ്യത്തിൽ ലോകകപ്പ് ഫുട്ബോൾ ക്വിസ് മത്സരം 15ന് ഉച്ചക്ക് 2 മണിക്ക് ഏഴിലോട് വയോജന വിശ്രമകേന്ദ്രത്തിൽ നടക്കും. രണ്ട് പേർ അടങ്ങുന്ന ടീമിന് പങ്കെടുക്കാം. ഫോൺ: 9995157284, 9746928303.

കെ.വി.എം. കുഞ്ഞി കാരുണ്യ ഭവനത്തിന്റെ താക്കോൽദാനം സഫ്വാൻ കോയ തങ്ങൾ നിർവ്വഹിക്കുന്നു.

പ്രൈമറി വിദ്യാലയങ്ങൾക്കുള്ള വിവിധ പദ്ധതികളുടെ ഉദ്ഘാടനം

പയ്യന്നൂർ: പയ്യന്നൂർ മണ്ഡലത്തിലെ പ്രൈമറി വിദ്യാലയങ്ങൾക്കുള്ള സമഗ്ര വികസനം ലക്ഷ്യമാക്കി ഭൗതീകവും അക്കാദമികവുമായ മികവ് വർധിപ്പിക്കന്നതിനായി വിവിധ പദ്ധതികളുടെ ഉത്ഘാടനം സി. കൃഷ്ണൻ എം.എൽ.എ നിർവഹിച്ചു . പയ്യന്നൂർ മുൻസിപ്പൽ ചെയർമാൻ ശശി വട്ടകൊവ്വൽ അധ്യക്ഷനായി. ഡോ.എം.ബാലൻ, പി.കെ.രാമകൃഷ്ണൻ സംസാരിച്ചു. എ.ഇ.ഒ ടി.എം.സദാനന്ദ മാസ്റ്റർ സ്വാഗതവും പി.വി.സുരേന്ദ്രൻ നന്ദിയും പറഞ്ഞു. മണ്ഡലത്തിലെ 11 വിദ്യാലങ്ങൾക്ക് പാചകപ്പുര, 20 വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്റൂം, 40 വിദ്യാലയങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉള്ളത്.

തളിപ്പറമ്പ നബ്രാസ് സൂപ്പർമാർക്കറ്റിന് സമീപത്ത് നിന്ന് ഉബൈദിന് കളഞ്ഞുകിട്ടിയ സ്വർണ്ണാഭരണം സി.ഐ കെ.ജെ. വിനോയിയുടെ സാന്നിധ്യത്തിൽ ഉടമസ്ഥന് കൈമാറുന്നു

കെ.വി.എം. കുഞ്ഞി കാരുണ്യ ഭവനം ഉദ്ഘാടനം ചെയ്തു

തളിപ്പറമ്പ: കഴിഞ്ഞ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് കാലത്ത് ഏഴാംമൈലിൽ വെച്ച് കെ.വി.എം. കുഞ്ഞിയുടെ സ്മരണക്കായി ഏഴാംമൈൽ ശാഖ മുസ്ലിംലീഗ് കമ്മിറ്റിയും, ഏഴാംമൈൽ ഗ്രീൻ ടീം വാട്ട്സപ്പ് ഗ്രൂപ്പും സംയുക്തമായി കൂവോട് കയ്യംതടത്തിൽ കാരുണ്യഭവനത്തിന്റെ ഉദ്ഘാടനം സഫ്വാൻക്കോയ തങ്ങൾ അൽബുഹാരി ഏഴിമല നിർമ്മിച്ചു. ജില്ലാ ലീഗ് ജനറൽ സെക്രട്ടറി അഡ്വ. അബ്ദുൾകരീം ചേലേരി, ഇബ്രാഹിംകുട്ടി തിരുവട്ടൂർ, നഗരസഭാ ചെയർമാൻ അള്ളാംകുളം മഹമൂദ്, സി.പി.വി. അബ്ദുള്ള, പി. മുഹമ്മദ് ഇക്ബാൽ, കോയി മുസ്തഫഹാജി, സമദ് കടമ്പേരി, പി. സി. നസീർ, കൊടിയിൽ സലീം, പി.പി. മുഹമ്മദ് നിസാർ, സി. ഉമ്മർ, സി. സിറാജ്, പി.എം. മുസ്തഫ, എൻ.യു. ശഫീക്ക് മാസ്റ്റർ ഹുദുമി, മുനീർ ജെൻസ്, ഉസ്മാൻ കൊമ്മച്ചി, കെ.വി.ടി. അബ്ദുൾഗഫൂർ, കണ്ണങ്കീൽ മുസ്തഫ, എം.വി. അബ്ദുള്ള സംസാരിച്ചു.

സ്ഥലം വിൽപ്പനക്ക്

പരിയാരം മെഡിക്കൽ കോളേജിന് എതിർവശം 1 1/4 കിലോമീറ്റർ ദൂരത്തിൽ റോഡ് സൈഡിൽ ഒരു ഏക്കർ 12 സെന്റ് നിരപ്പായ സ്ഥലം വിൽപ്പനക്ക്.

9744207879

നടുവിൽ വില്ലേജ് വനിത സഹകരണ സംഘം

ലിമി. നമ്പർ സി. 1606

നടുവിൽ (പി.ഒ) നടുവിൽ പിൻ: 670582, ഫോൺ: 0460 2250952

സംഘത്തിലേയ്ക്ക് താഴെപറയുന്ന തസ്തികകളിലേയ്ക്ക് സഹകരണ നിയമം 80 പ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

തസ്തിക	ശമ്പളം	ഒഴിവുകളുടെ എണ്ണം
അപ്രൈസർ	കമ്മീഷൻ വ്യവസ്ഥയിൽ	1
നൈറ്റ് വാച്ച്മാൻ	5000/- (മൊത്തം ശമ്പളം	1

വയസ്, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ വെളിവാക്കുന്ന സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സഹിതം സ്വന്തം കൈപടയിലെഴുതിയ അപേക്ഷ 31-07-2018ന് വൈകുന്നേരം 4 മണിക്കുള്ളിൽ സംഘം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

നടുവിൽ, 11-07-2018. കല്പനപ്രകാരം, സെക്രട്ടറി (ഒപ്പ്)